## സിവിൽ സർവ്വീസ് ഓഫീസറുടെ ഒഴിവുകൾ

24 (6169) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ആകുമ്പോൾ കേരളത്തിൽ എത്ര സിവിൽ സർവ്വീസ് ഓഫീസർമാരുടെ ഒഴിവുകളാണ് വരുന്നത് ; ഇത്രയും ഒഴിവുകൾ, ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. മുതലായവ എപ്രകാരം നികത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് ;

(ബി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ ?

ഉത്തരം

(എ & ബി) നിലവിൽ കേരളത്തിൽ സംസ്ഥാന സിവിൽ സർവ്വീസ് രൂപീകരിച്ചിട്ടില്ല. ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

## സർക്കാർ സർവ്വീസിൽ ജോലിക്കായി മലയാളം കോഴ്സ്

25 (6171) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസുവരെ മലയാളഭാഷ ഒരു വിഷയമായി പഠിക്കാത്തവർക്ക് സർക്കാർ സർവ്വീസിൽ ജോലി ലഭിക്കുന്നതിന് ഏതെങ്കിലും ഒരു സ്ഥാപനം നടത്തുന്ന മലയാളം കോഴ്സ് പാസ്സാകണമെന്ന് വ്യവസ്ഥയുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ ഏത് സ്ഥാപനം നടത്തുന്ന കോഴ്സാണ് പാസ്സാകേണ്ടതെന്നും സർവ്വീസിൽ പ്രവേശിച്ച് എത്ര വർഷത്തിനുള്ളിലാണ് പാസ്സാകേണ്ടതെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത കോഴ്സ് ഏതെങ്കിലും സ്ഥാപനത്തിൽ ആരംഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത കോഴ്സ് എന്ന് ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) എന്നുമുതലാണ് പ്രസ്തുത വ്യവസ്ഥയ്ക്ക് പ്രാബല്യം നൽകുവാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി-ഇ) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly